നം:ICDS.A7- 2756/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി : 06.03.2017..

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഐ.സി.ഡി.എസ്. - അങ്കണവാടി കെട്ടിടനിർമ്മാണം - പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 21-മത് ICDS മിഷൻ എക്സ്ക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് മിനിട്ട്സ്

സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കായി കണ്ടെത്തിയ സ്ഥലങ്ങളിൽ അങ്കണവാടിക്ക് ആവശ്യമായ സൗകര്യങ്ങളോടുകൂടിയ ശിശുസൗഹൃദ- ആകർഷകങ്ങളായ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഏകീകൃത പ്ലാൻ design ചെയ്യുന്നതിന് 21- ാം മത് ICDS മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണ ത്തിന് ശിശുസൗഹൃദ ,ശിശു ആകർഷക ഏകികൃത പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. പ്ലാൻ തയ്യാറാക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ അവലംബിക്കാവുന്നതാണ്.

- അങ്കണവാടി പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളോടുകൂടിയ ശിശു സൗഹൃദ അങ്കണവാടി കെട്ടിടങ്ങളായിരിക്കണം. ശിശു സൗഹൃദ ടോയിലറ്റ്, പ്രത്യേകം അടുക്കള, ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ, കളിസ്ഥലം എന്നിവ ഉണ്ടായിരിക്കണം. പരമ്പരാഗത കെട്ടിട നിർമ്മാണ ശൈലിയിൽ നിന്നും വേറിട്ട ആകർഷകമായ design ആയിരിക്കണം കെട്ടിടത്തിന് ഉണ്ടായിരിക്കേണ്ടത്.
- കെട്ടിടത്തിന് 600-700 Sq.fet വിസ്തൃതിയിൽ കൂടേണ്ടതില്ല.
- അങ്കണവാടി കെട്ടിടങ്ങളുടെ പ്ലാൻ design ചെയ്യുന്നതിന് ഒരു technical expert ന്റേയോ, മറ്റ് design agency കളുടെയോ സഹായം തേടാവുന്നതാണ്.
- പ്രാദേശിക ഭൂസ്ഥിതിയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ കെട്ടിട നിർമ്മാണ ത്തിന് അനുയോജ്യമായ രീതിയിൽ പ്ലാനിൽ മാറ്റങ്ങൾ വരുത്താവുന്ന



PDF processed with CutePDF evaluation edition www.CutePDF.com

രീതിയിലായിരിക്കണം പ്ലാൻ design ചെയ്യേണ്ടത്. മലയോരപ്രദേശങ്ങൾ ആദിവാസി മേഖലകൾ,കെട്ടിട നിർമ്മാണ സാമഗ്രികൾ എത്തിക്കാൻ പ്രയാസമായ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രാദേശികമായി ലഭ്യമാകുന്ന കെട്ടിട നിർമ്മാണ വസ്തുക്കൾ പ്രോസ്സസ് ചെയ്ത് കെട്ടിടം നിർമ്മിക്കുന്ന രീതി അവലംബിക്കാവുന്നതും ആയതിലേക്കായി പ്രത്യേക ഡിസൈൻ രൂപകല്പന ചെയ്യാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ അവലംബിച്ച് അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ആകർഷകമായ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്ന ജില്ലാ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും കെട്ടിടനിർമ്മാണത്തിനായി തെരഞ്ഞെടുക്കുന്ന ഡിസൈനുകൾ തയ്യാറാക്കിയ ജില്ലക്ക് വകുപ്പിന്റെ പ്രത്യേക അവാർഡ് നൽകുന്നതായിരിക്കും. അത്തരത്തിൽ തയ്യാറാക്കുന്ന ഡിസൈനുകൾ 2017 ഏപ്രിൽ 30 ന് മുൻപ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

TSS/March 9, 2017